## അദ്ധ്യായം പതിനൊന്ന്

# പരിശുദ്ധാത്മ സ്നാനം

**(The Baptism in the Holy Spirit)**

പരിശുദ്ധാത്മാവിന്റെ ആഴമേറിയ പ്രവൃത്തി ആദിമ സഭയിൽ വെളിപ്പെട്ടു. 'അപ്പോസ്തല' പ്രവൃത്തിയുടെ ഓരോ ഏടുകളിലും അത് ദൃശ്യമാണ്. ഈ പുസ്തകത്തിൽ നിന്ന് പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളെ എടുത്തുമാറ്റിയാൽ അതിൽ യാതൊന്നും അവശേഷിക്കുന്നില്ല. 'ലോകത്തെ കീഴ്മേൽ മറിക്കാൻ' ആദ്യശിഷ്യന്മാരെ പരിശുദ്ധാത്മാവ് ശക്തീകരിച്ചു. ആ ആത്മശക്തിയിൽ അവർ ലോകത്തെ കീഴ്മേൽ മറിച്ചു (അപ്ര 17:6).

പരിശുദ്ധാത്മാവിന്റെ ശക്തി ആർജ്ജിച്ച വിശ്വാസികളുള്ള സഭകൾ (ലോകത്തെവിടെയായാലും) വേഗത്തിൽ വളർച്ച പ്രാപിക്കുന്നത് കാണാം. മാനുഷിക അദ്ധ്വാനത്തിലൂടെ 10000 വർഷം കൊ് പൂർത്തികരിക്കാവുന്ന ഒരു പ്രവൃത്തി പരിശുദ്ധാത്മാവ് 10 സെക്കന്റ് കൊ് ചെയ്തുതീർക്കും.

വിശ്വാസികളുടെ ശുശ്രൂഷയിലും ജീവിതത്തിലും പ രിശുദ്ധാത്മാവിന്റെ പ്രവൃത്തികളെക്കുറിച്ച് വചനം എന്ത് പഠിപ്പിക്കുന്നുവെന്ന് ശിഷ്യന്മാരെ വാർത്തെടുക്കുന്ന ശുശ്രൂഷകന്മാർ അറിഞ്ഞിരിക്കേണം.

അപ്പോസ്തല പ്രവൃത്തിയുടെ പുസ്തകത്തിൽ, വിശ്വാസികൾ ആത്മ സ്നാനം പ്രാപിച്ചു ശക്തി ശുശ്രൂഷചെയ്യാൻ കൃപ പ്രാപിച്ചതിന് നിരവധി ഉദാഹരണങ്ങള്ു്. സൂക്ഷ്മമായ പഠനത്തിലൂടെ നമുക്ക് അവർ അനുഭവിച്ച, ആർജ്ജിച്ച ആ ആത്മശക്തി ആസ്വദിക്കാം. ഈ ആത്മപകർച്ചയും അത്ഭുതപ്രവർത്തികളും അപ്പോസ്തലന്മാരുടെ കാലഘട്ടത്തിൽ മാത്രം ഉ ായതും നിലനിന്നതുമാണെന്ന് ചില അഭിപ്രായമു്. എന്നാൽ വചനമോ, ചരിത്രമോ ഇതിനെ പിൻതുണക്കുന്നില്ല. അവിശ്വാസത്തിൽനിന്നും രൂപംകൊ ഒരു തീയറി മാത്രമാണിത്. വചനത്തിന്റെ വാഗ്ദത്തങ്ങളെ വിശ്വസിക്കുന്നവർക്ക് ഈ അനുഗ്രഹങ്ങൾ അനുഭവിക്കാൻ കഴിയും. അവിശ്വസിച്ച യിസ്രായേൽ ജനത്തിന് വാഗ്ദത്തദേശം നഷ്ടപ്പെട്ടതുപോലെ, ദൈവവാഗ്ദത്തത്തെ വിശ്വസിക്കാത്തവർക്ക് ദൈവാനുഗ്രഹങ്ങൾ നഷ്ടപ്പെടും. നിങ്ങൾ ഏതുകൂട്ടത്തിൽപെടുന്നു? ഞാൻ വിശ്വാസികളുടെ കൂട്ടത്തിലാണ്.

## പരിശുദ്ധാത്മാവിന്റെ രുപ്രവൃത്തികൾ

**(Two Works by the Holy Spirit)**

യേശുവിനെ വാസ്തവമായി വിശ്വസിക്കുന്ന ഒരുവന്റെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി വെളിപ്പെട്ടിരിക്കും. അവന്റെ ഉള്ളിലെ മനുഷ്യൻ അഥവാ ആത്മാവ് പരിശുദ്ധാത്മാവിനാൽ ഉണർത്തപ്പെട്ടിരിക്കും (1

തിമൊ 3:5) അത് അവന്റെ ഉള്ളിൽ അവനോടൊപ്പം ജീവിക്കുന്നു (റോമ 8:9; 1 കൊരി 6:19) അവൻ ആത്മാവിനാൽ ജനിക്കപ്പെട്ടിരിക്കും (യോഹ 3:5).

പരിശുദ്ധാത്മ സ്നാനവും അന്യഭാഷയും ഇല്ലാതെ പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ കഴിയുകയില്ലായെന്ന് പഠിപ്പിക്കുന്ന ചില പെന്തക്കോസ്തുകാരും, കരിസ്മക്കാരും ഉ്. ഇത് തെറ്റാണെന്ന് വചനത്തിന്റേയും അനുഭവത്തിന്റേയും അടിസ്ഥാനത്തിൽ മനസ്സിലാക്കാം - പെന്തക്കോസതുകാരല്ലാത്ത പല വിശ്വാസികൾക്കും മനുഷ്യന്റെ ഉള്ളിൽ പാർക്കുന്ന ഈ പരിശുദ്ധാത്മ ശക്തിയെക്കുറിച്ച് അറിയാം. ഇവർ ആത്മാവിന്റെ ഫലങ്ങളെ (ഗലാ. 5:22-23) വെളിപ്പെടുത്തുന്നു, ആത്മാവ് ഉള്ളിൽ ഇല്ലാത്തവർക്ക് ഈ ഫലങ്ങൾ ഒരിക്കലും ഉളവാക്കാൻ കഴിയില്ല.

ആത്മാവിൽ ജനിച്ചതുകൊ് പരിശുദ്ധാത്മ സ്നാനം പ്രാപിക്കണമെന്നില്ല.വേദപുസ്തകാടിസ്ഥാനത്തിൽ പരിശുദ്ധാത്മാവിൽ ജനിക്കുന്നതും (വീും ജനനം) പരിശുദ്ധാത്മ സ്നാനം പ്രാപിക്കുന്നതും വ്യത്യസ്ഥമായ രു അനുഭവങ്ങളാണ്.

ഈ ഭാഗത്തെക്കുറിച്ച് പഠിക്കുന്നതിനുമുമ്പ്, പരിശുദ്ധാത്മാവിനെക്കുറിച്ച് യേശു ഒരിക്കൽ ശമര്യയിലെ കിണറ്റിൽകരയിൽ വച്ച് രക്ഷിക്കപ്പെടാത്ത ശമര്യാസ്ത്രീയോട് പറഞ്ഞത് എന്തെന്നു നോക്കാം.

> നീ പരിശ്ദ്ധാത്മാവിന്റെ ദാനവും, നിന്നോടു വെള്ളം ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞിരുന്നെങ്കിൽ, നീ അവനോടു ചോദിക്കുകയും അവൻ നിനക്കു ജീവജലം തരികയും ചെയ്യുമായിരുന്നു. ഈ വെള്ളം കുടിക്കുന്നവന് പിന്നേയും ദാഹിക്കും എന്നാൽ ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന് ഒരിക്കലും ദാഹിക്കയില്ല, അവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്ത് പറയുംപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും (യോഹ 4:10; 13-14).

ഇവിടെ നിന്ന് ഒരു കാര്യം വ്യക്തമാകുന്നു. യേശു ഇവിടെ പ്രതിപാദിച്ചത് ഒരുവന്റെ ഉള്ളിൽ ജീവിക്കുന്ന പരിശുദ്ധാത്മാവിനെ കുറിച്ചാണ്. യോഹന്നാന്റെ സുവശേഷത്തിൽ യേശു വീും പറയുന്നു. ''ജീവജലം'' ഇത് പരിശുദ്ധാത്മാവിനെക്കുറിക്കുന്നു.

> ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊ് പറഞ്ഞു: ദാഹിക്കുന്നവൻ ഏവനും എന്റെയടുക്കൽ വന്നു കുടിക്കട്ടെ, എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്ത് പറയും പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചുപറഞ്ഞു. യേശു ഇത് പറഞ്ഞത് ആത്മാവിനെക്കുറിച്ചാണ്. അവനിൽ വിശ്വസിക്കുന്നവർ പ്രാപിക്കുന്ന ആത്മാവിനെക്കുറിച്ചാണ് യേശു ഇതു പറഞ്ഞത്. കാരണം യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ അത്മാവ് വന്നിട്ടില്ലായിരുന്നു (യോഹ 7: 37-39).

യേശു ഇവിടെ പറഞ്ഞത് നിത്യജീവനിലേക്ക് ഒഴുകുന്ന ഒരു കിണറിന്റെ വെള്ളത്തെക്കുറിച്ചല്ല, പിന്നയോ സ്വീകരിക്കുന്നവന്റെ ഉള്ളിൽ നിന്നും ഒഴുകി നദിയായി രൂപപ്പെടുന്ന ജീവജലത്തെക്കുറിച്ചാണ്.

യോഹന്നാന്റെ സുവിശേഷത്തിൽ വിവരിച്ചിരിക്കുന്ന ഈ ര് ഭാഗങ്ങളിൽനിന്ന് ആത്മാവിൽ ജനിക്കുന്നതിന്റെയും ആത്മാവിൽ സ്നാനപ്പെടുന്നതിന്റെയും വ്യത്യാസം നമുക്ക് മനസ്സിലാക്കാം. വീും ജനിക്കുക എന്നാൽ ആത്മാവിൽ ജനിക്കുക. ആത്മാവിൽ ജനിക്കുക എന്ന പ്രാഥമിക പ്രക്രിയയിലുടെ നിത്യജീവനെ അനുഭവിക്കാൻ കഴിയുന്നു അവനിൽ ആത്മാവിന്റെ ഉറവ സൃഷ്ടിക്കപ്പെടുന്നു. അത് നിത്യജീവനെ വാഗ്ദാനം ചെയ്യുന്നു.

പരിശുദ്ധാത്മ സ്നാനം ഏൽക്കുന്നത് പ്രായോഗികമായിത്തന്നെ മറ്റുള്ളവരുടെ ഗുണത്തിനുവേിയാണ്. ഇത് വിശ്വാസികളെ ആത്മികശക്തിയാൽ ബലപ്പെടുത്തി മറ്റുള്ളവർക്കു വേി ശ്രുശ്രൂഷിക്കുവാൻ പ്രാപ്തരാക്കുന്നു. അവരുടെ ഉള്ളിൽനിന്ന് ജിവജലനദികൾ ഒഴുകും, തന്മൂലം ദൈവാനുഗ്രഹം അനേകരിലേക്ക് വ്യാപരിക്കും.

## പരിശുദ്ധാത്മ സ്നാനം ആവശ്യമാണ്? എന്തുകൊ് (Why the Baptism in the Holy Spirit is Needed?)

ശുശ്രൂഷക്ക് പരിശുദ്ധാത്മാവ് അത്യാവശ്യമാണ്. ആത്മാവിന്റെ സഹായമില്ലാതെ ശിഷ്യന്മാരെ നേടുവാൻ കഴിയുകയില്ല. സകലരേയും പ രിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുവിൻ തന്മൂലം ലോകം സുവിശേഷം കേൾക്കും.

യേശു ശിഷ്യന്മാരോടു പറഞ്ഞു:

> എന്റെ പിതാവിൽനിന്ന് വാഗ്ദത്തം നിങ്ങളുടെ മേൽ അയയ്ക്കും എന്നാൽ ഉയരത്തിൽനിന്ന് ശക്തിപ്രാപിക്കും വരെ നിങ്ങൾ പട്ടണത്തിൽ കാത്തിരിക്കുവിൻ (ലൂക്കോ 24:49). യേശു പ റഞ്ഞത് ലൂക്കോസ് രേഖപ്പെടുത്തുന്നു. (അപ്ര 1:7-8).

സമയങ്ങളും കാലങ്ങളും എന്റെ പിതാവിന്റെ അധികാരത്തിൽ പ്പെട്ടവയാണ്, എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ കടന്നുവരും, അപ്പോൾ നിങ്ങൾ യറുശലേമിലും യഹൂദ്യയിലും, ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആയിത്തിരും (ലൂക്കോ 24:49).

യേശു പറഞ്ഞു ഉയരത്തിൽനിന്ന് ശക്തിപ്രാപിച്ചിട്ടല്ലാതെ നിങ്ങൾ യെറുശലേം വിട്ട് പോകരുത്. അവർ ശക്തിയില്ലാത്തവരാണെന്നും, അവരുടെ ലക്ഷ്യത്തിൽ അവർ പരാജയപ്പെടുമെന്നും യേശുവിന് അറിയാമായിരുന്നു. അവർ പരിശുദ്ധാത്മാസ്നാനം പ്രാപിച്ചുകഴിഞ്ഞപ്പോൾ

ദൈവം അവരെ അമാനുഷികമായ രീതിയിൽ സുവിശേഷം അറിയിക്കുവാൻ ഉപയോഗിച്ചു.

ലക്ഷക്കണക്കിന് വിശ്വാസികൾ പരിശുദ്ധാത്മ സ്നാനത്തിനു ശേഷം ഉന്നത തലത്തിലുള്ള ശക്തി പ്രാപിച്ച അനുഭവം പങ്കുവെയ്ക്കുന്നു. തങ്ങൾക്ക് പരിചയം പോലുമില്ലാത്ത വചനങ്ങൾ ഉദ്ധരിച്ചു കൊ്, ശക്തമായ വാക്കുകളിലൂടെ തങ്ങളുടെ സാക്ഷ്യം പങ്കുവെയ്ക്കുന്നു (പ്രത്യേകിച്ചും അവിശ്വാസികളോട്).

ശക്തിയുള്ള വാക്കുകളും, പരിചയമില്ലാത്ത വചനത്തിന്റെ ഉദ്ധരണികളും ഉപയോഗിച്ച്, ശക്തമായി അവിശ്വാസികളൊട് തങ്ങളുടെ സാക്ഷ്യം പ്രസ്താവിക്കുന്ന പലരെക്കുറിച്ചും അറിയാൻ കഴിഞ്ഞിട്ട്. അവരിൽ ചിലർ പ്രത്യേക ശുശ്രൂഷക്കും, സുവിശേഷപ്രവർത്തനത്തിനും വേർതിരിക്കപ്പെടുന്നു. ചിലരെ ദൈവം വ്യത്യസ്തമായ ആത്മീക വരങ്ങൾ ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നു. ഇതിന്റെ അടിസ്ഥാനം തികച്ചും വചന പ്രകാരമാണ്. ഇതിനെ എതിർക്കുന്നവർക്ക് വചനപ്രകാരമുള്ള യാതൊരു അടിസ്ഥാനവും ചൂിക്കാണിക്കാനില്ല - അവർ യഥാർത്ഥത്തിൽ ദൈവത്തിന് എതിരെ പോരാടുന്നവർ ആകുന്നു.

ക്രിസ്തുവിനെ അനുകരിക്കാൻ വിളിക്കപ്പെട്ടവർ എന്നതു പോലെത്തന്നെ, നാം പരിശുദ്ധാത്മാവിനേയും അനുകരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. കന്യകയുടെ ഉദരത്തിൽ ക്രിസ്തു ആത്മാവിനാൽ ഉരുവായി (മത്താ 1:20). ആത്മാവിനാൽ ഉരുവായവൻ തന്റെ ശുശ്രൂഷക്ക് ആരംഭംകുറിക്കുംമുമ്പ് ആത്മാവിനാൽ സ്നാനപ്പെട്ടു (മത്താ 3:16). ശുശ്രൂഷക്കുവേി ഒരുക്കപ്പെടാൻ യേശു പോലും പരിശുദ്ധാത്മാവിനാൽ സ്നാനപ്പെട്ടെങ്കിൽ നമുക്ക് എത്രയധികം അത് ആവശ്യമായിരിക്കുന്നു.

## ആത്മ സ്നാനത്തിന്റെ ആദ്യതെളിവ്
## (The Initial Edivence of the Baptism in the Spirit)

ഒരുവൻ ആത്മസ്നാനം പ്രാപിച്ചുവെന്നതിന്റെ പ്രഥമ തെളിവ് അവൻ പുതു ഭാഷ സംസാരിക്കുന്നു എന്നതാണെന്ന് വചനം പറയുന്നു. വചനം ഇതിന് അനേക തെളിവുകൾ തരുന്നു. നമുക്ക് നോക്കാം.

**ഒന്ന്:** മേഘാരൂഢനായി സ്വർഗ്ഗത്തിലേക്ക് കയറുമ്പോൾ യേശു പറഞ്ഞു. വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന ആത്മാവിന്റെ അടയാളത്തിൽ ഒന്നാണ് അന്യഭാഷ, ആത്മാവിനെ പ്രാപിച്ചവർ അന്യഭാഷ സംസാരിക്കും.

> ഭൂലോകത്തെങ്ങും പോയി സർവ്വ സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശപിക്കപ്പെടും. വിശ്വസിക്കുന്നവൻ ഈ അടയാളം കാണും. എന്റെ നാമത്തിൽ അവർ

ഭൂതത്തെ പുറത്താക്കും, അവർ പുതു ഭാഷകൾ സംസാരിക്കും (മർക്കോ 16:15-17).

പുതിയ നിയമത്തിന്റെ പ്രാചീന ലിഖിതങ്ങളിൽ ഇത് ഉൾപ്പെടുത്തിട്ടില്ലാത്തതുകൊ് വേദപുസ്തകത്തിൽ ഇത് ഉൾപ്പെടുത്തരുതെന്ന് ചില വിമർശകർ അഭിപ്രായപ്പെടുന്നു്. എന്നാൽ ഭൂരിഭാഗം കയ്യെഴുത്ത് പ്രതികളിലും ഇത് ഉൾപ്പെടുത്തിയിരിക്കുന്നു. ഭൂരിഭാഗം ഇംഗ്ലീഷ് പ രിഭാഷയിലും ഇത് ഒഴിവാക്കപ്പെട്ടതായി കാണുന്നില്ല. ഇതിലുപരി, യേശുവിന്റെ ഈ വാഗ്ദത്തം ആദിമ സഭയുടെ അനുഭവവുമായി വെളിപ്പെട്ടി രുന്നുവെന്ന് അപ്പോസ്തല പ്രവൃത്തികളിൽ കാണുന്നു.

വിശ്വസിച്ചവർ പരിശുദ്ധാത്മാവിനാൽ സ്നാനമേറ്റതിന് അഞ്ച് ഉദാഹരണങ്ങൾ അപ്പോസ്തലപ്രവൃത്തികളിൽ കാണാം. നാം ചെയ്യാറുള്ളതുപോലെ രു ചോദ്യങ്ങൾ ചോദിക്കണം.

1) രക്ഷയോടുകൂടെ ആത്മസ്നാനം തികച്ചും അനുഭവവേദ്യമായിരുന്നോ?

2) ആത്മസ്നാനം ഏറ്റവർ പുതുഭാഷയിൽ സംസാരിച്ചോ?

ഒരു വിശ്വാസിയെക്കുറിച്ച് ദൈവത്തിനുള്ള ഇച്ഛ എന്തെന്നറിയാൻ ഇത് നമ്മെ സഹായിക്കും.

## യറുശലേം
## (Jerusalem)

പ്രഥമ ഉദാഹരണം: അപ്ര: 2-ാം അദ്ധ്യായത്തിൽ പെന്തക്കോസ്തു ദിവസം 120 പേർ ഒന്നിച്ച് അഭിഷേകം പ്രാപിച്ചു എന്നു കാണുന്നു.

> പെന്തെകൊസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്ന് ഒരു മുഴക്കം ഉായി. അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി. അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി. (അപ്ര 2:1-4).

ഈ 120 പേരും രക്ഷിക്കപ്പെട്ടവരും വീും ജനനം പ്രാപിച്ചവരും ആയിരുന്നു. അവർ ഈ അഭിഷേകം പ്രാപിച്ചത് രക്ഷിക്കപ്പെട്ടതിനു ശേഷമാണ് - അതിനുമുമ്പ് പരിശുദ്ധാത്മ സ്നാനം പ്രാപിക്കാൻ അവർക്കു കഴിയുമായിരുന്നില്ല. കാരണം സഭക്ക് പരിശുദ്ധാത്മാവ് എന്ന ദാനം അതുവരെ നൽകപ്പെട്ടിരുന്നില്ല. ഇവിടെ ഒരു കാര്യം വ്യക്തമാകുന്നു. ആത്മസ്നാനത്തോടു ചേർന്ന് അന്യഭാഷ അടയാളമായി ഭവിച്ചു.

## ശമര്യ
## (Samaria)

**രാമത്തെ ഉദാഹരണം**

> വിശ്വസിച്ചവരുടെ മേൽ ആത്മാഭിഷേകം ഉായി. ഫിലിപ്പോസ് ശമര്യപട്ടണത്തിൽ സുവിശേഷം പ്രസംഗിച്ചപ്പോൾ വിശ്വസിച്ചവരുടെ മേൽ ആത്മാഭിഷേകം ഉായി (അപ്ര 8: 12-16).

എന്നാൽ ദൈവരാജ്യത്തേയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും സ്നാനം ഏററു. ശിമോൻ താനും വിശ്വസിച്ചു സ്നാനം ഏറ്റു ഫിലിപ്പൊസിനോടു ചേർന്നുനിന്നു, വലിയ വീര്യപ്രവർത്തികളും അടയാളങ്ങളും നടക്കുന്നതു കു ഭ്രമിച്ചു.

ശമര്യാപട്ടണത്തിലെ വിശ്വാസികൾ രക്ഷ പ്രഥമ അനുഭവവും, അഭിഷേകം രാമത്തെ അവസ്ഥയും ആണെന്ന് തിരിച്ചറിഞ്ഞു. പത്രോസും യോഹന്നാനും ശമര്യയിൽ എത്തുന്നതിനുമുമ്പുതന്നെ ശമര്യക്കാർ ദൈവവചനം കേൾക്കുകയും, സുവിശേഷത്തിൽ വിശ്വസിക്കുകയും, ജലസ്ന ാനം ഏൽക്കുകയും ചെയ്തിരുന്നു. പത്രോസും യോഹന്നാനും അവർക്കുവേ ി പ്രാർത്ഥിച്ചപ്പോൾ അവരുടെ മേൽ ആത്മാവ് ഇറങ്ങിവന്നു. എന്ന് വചനം വ്യക്തമായി പറയുന്നു. ഇത് വളരെ വ്യക്തമല്ലേ? പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച അവർ പുതുഭാഷസംസാരിച്ചോ? വചനം അങ്ങനെ പറയുന്നില്ല. പ ക്ഷെ, അതിശയകരമായ എന്തോ ഒന്ന് അവർക്ക് സംഭവിച്ചെന്ന് വചനം പ റയുന്നു. ശീമോൻ എന്ന് പേരുള്ള ഒരുവൻ, പത്രോസും യോഹന്നാനും ശമര്യയിലെ വിശ്വാസികളുടെ മേൽ കൈവച്ചപ്പോൾ ആത്മ പകർച്ച സംഭവിച്ചത് കിട്ട്, ആ ശക്തി വിലയ്ക്ക് വാങ്ങാൻ ശ്രമിച്ചു.

> അവർ അവരുടെമേൽ കൈവെച്ചപ്പോൾ അവർക്ക് പരിശുദ്ധാത്മാവ് ലഭിച്ചു. അപ്പോസ്തലന്മാർ കൈ വെച്ചതിനാൽ പരിശുദ്ധാത്മാവു ലഭിച്ചതു ശീമോൻ കാറെ അവർക്കു ദ്രവ്യം കൊുവന്നു. ഞാൻ ഒരുത്തന്റെ മേൽ കൈ വെച്ചാൽ അവനു പരിശുദ്ധാത്മാവു ലഭിപ്പാൻ തക്കവണ്ണം ഈ അധികാരം എനിക്കും തരേണം എന്നു പറഞ്ഞു. (അപ്ര: 8: 17-19).

ഈ കാഴ്ച ശിമയോനെ വളരെ ആകർഷിച്ചു. ഭൂതബാധിതർ തളർവാത രോഗികൾ, മുടന്തന്മാർ തുടങ്ങി ഏവരും സുഖപ്പെടുന്ന അനേക അത്ഭുത പ്രവർത്തികൾ അവൻ കു (അപ്ര 8: 6-7). അവൻ തന്റെ മാന്ത്രിക വിദ്യയിൽ ശമര്യപട്ടണത്തെ അതിശയിപ്പിച്ചവനായിരുന്നു. (അപ്ര 8:9-10). പ ത്രോസും യോഹന്നാനും പ്രാർത്ഥിച്ചപ്പോൾ ജനങ്ങളിൽ പ്രകടമായ മാറ്റം അവൻ ദർശിച്ചു. ജനങ്ങളിൽ ആത്മാവ് പകരപ്പെട്ടപ്പോൾ അവർ അന്യഭാഷകളിൽ സംസാരിക്കുന്നത് അവൻ കേട്ടു.

### ശൗൽ ദമസ്കോസിൽ

**(Saul in Damascus)**

**മൂന്നാമത്തെ ഉദാഹരണം**

അപ്പോസ്തല പ്രവൃത്തികളിൽ കാണുന്ന മൂന്നാമത്തെ പ്രതിപാദ്യം അപ്പോസ്തലനായ പൗലോസ് എന്ന പേരിൽ വിഖ്യാതനായ തർസീസ്കാരനായ ശൗലിന്റെ മേൽ വരുന്ന ആത്മപകർച്ചയാണ്. ദമസ്കോസിന്റെ പടിവാതിക്കൽ വച്ച് അവൻ അന്ധനായിത്തീർന്നു. മാനസാന്തരം പ്രാപിച്ച് മൂന്നുനാൾ കഴിഞ്ഞ് അവന്റെ അടുത്തേക്ക് അനന്യാസിനെ ദൈവം അയച്ചു.

> അങ്ങനെ അനന്യാസ് ആ വീട്ടിൽ ചെന്നു അവന്റെ മേൽ കൈ വെച്ചു. ശൗലേ, സഹോദരാ, നീ കാഴ്ച പ്രാപിച്ചു പരിശുദ്ധാത്മ പൂർണ്ണൻ ആകേതിന് നീ വന്ന വഴിയിൽ നിനക്ക് പ്രത്യക്ഷ്യനായ യേശു എന്ന കർത്താവു എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു. ഉടനെ അവന്റെ കണ്ണിൽനിന്നു ചെതുമ്പൽ പോലെ വീണു, കാഴ്ച ലഭിച്ചു. അവൻ എഴുന്നേറ്റ് സ്നാനം ഏല്ക്കുകയും ചെയ്തു (അപ്ര 9: 17-18).

നിശ്ചയമായും അനന്യാസ് എത്തി പ്രാർത്ഥിക്കുന്നതിന് മുമ്പുതന്നെ ശൗൽ വീും ജനിക്കപ്പെട്ടു. ദമസ്കോസിലേക്കുള്ള വഴി മദ്ധ്യേ തന്നെ അവൻ യേശുവിൽ വിശ്വസിച്ചു. അനുസരിച്ച അവൻ കർത്താവിന്റെ കല്പനയ്ക്ക് സ്വയം ഏൽപിച്ചു കൊടുത്തു. അനന്യാസ് ആദ്യം ശൗലിനെ കുമുട്ടിയപ്പോൾ ശൗലേ സഹോദരാ എന്നാണ് സംബോധന ചെയ്തത് (ശ്രദ്ധിക്കുക - അനന്യാസ് ശൗലിനോട് പറഞ്ഞു . ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നു. നീ കാഴ്ച പ്രാപിച്ചു പരിശുദ്ധാത്മപൂർണ്ണനാകുക, ശൗൽ രക്ഷിക്കപ്പെട്ട് മൂന്നു ന ാൾ കഴിഞ്ഞ് സ്നാനപ്പെട്ട് ആത്മാവ് നിറഞ്ഞവനായിത്തീർന്നു.

ശൗൽ പരിശുദ്ധാത്മപൂർണ്ണനായ സംഭവത്തിന്റെ വ്യക്തമായ തെളിവ് വചനം തരുന്നില്ല, എന്നാൽ അനന്യാസ് തന്റെ അടുക്കൽ വന്ന് അല്പം കഴിഞ്ഞ് അത് സംഭവിച്ചു എന്ന് മനസ്സിലാക്കാം. അതോടുകൂടി ശൗൽ അന്യഭാഷസംസാരിച്ചു. 1 കൊരി 14:18ൽ നിങ്ങളെല്ലാവരിലും അധികം ഞാൻ അന്യഭാഷകളിൽ സംസാരിക്കുന്നത്കൊ് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. എന്ന് പൗലോസ് പറയുന്നു.

**കൈസര്യ**

**(Caesarea)**

**നാലാമത്തെ ഉദാഹരണം**

വിശ്വസിക്കുന്നവർ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുന്നുവെന്നുള്ള നാലാമത്തെ പ്രതിപാദ്യം അപ്ര 10-ാം അദ്ധ്യായത്തിൽ കാണാം.

അപ്പോസ്തലനായ പത്രോസിനെ ദൈവം അഭിഷേകം ചെയ്തു കൈസര്യയിലുള്ള കൊർന്നല്യോസിന്റെ ഭവനത്തിലേക്ക് അയച്ചു. യേശുവിലുള്ള വിശ്വാസത്താൽ രക്ഷ പ്രാപിക്കുന്നു എന്ന് പത്രോസ് വെളിപ്പെടുത്തിയപ്പോൾ ജാതികൾ വിശ്വസിക്കയും അവരുടെ മേൽ പരിശുദ്ധാത്മാവ് വരു

കയും ചെയ്തു. അവർ അന്യഭാഷകളിൽ സംസാരിച്ചു. ദൈവത്തെ മഹത്വീകരിച്ചു. ഇതുകേട്ട പത്രോസിനോടുകൂടെ വന്ന പരിച്ഛേദനക്കാരായ വിശ്വാസികൾ പരിശുദ്ധാത്മാവ് എന്ന ദാനം ജാതികളുടെമേലും പകരുതുന്നതുകു വിസ്മയിച്ചു.

> അപ്പോൾ പത്രോസ് നമ്മെപ്പോലെ പരിശുദ്ധാത്മാവ് പ്രാപിച്ച ഇവരെ സ്നാനം കഴിപ്പിച്ചുകൂടാതെ വണ്ണം വെള്ളം വിലക്കുവാൻ ആർക്കുകഴിയും എന്നു പറഞ്ഞു അങ്ങനെ പത്രോസ് അവരെ യേശുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിപ്പാൻ കല്പിച്ചു. (അപ്ര 10:44-48മ).

കൊർന്നല്യോസിന്റെ ഭവനത്തിൽ കൂടിയിരുന്ന ഇവർ രക്ഷിക്കപ്പെട്ട് പരിശുദ്ധാത്മസ്നാനം (അഭിഷേകം) പ്രാപിച്ചു. ഇവർ ജാതികളുടെ കൂട്ടത്തിൽനിന്നും വന്ന ആദ്യ വിശ്വാസികളായിരുന്നു.

ജാതികളായ ഈ വിശ്വാസികൾ പരിശുദ്ധാത്മ ശക്തി പ്രാപിക്കാൻ പത്രോസും വിശ്വാസികളും ഇവരുടെ തലയിൽ കരം വയ്ക്കാൻ ദൈവം കാത്തുനിന്നില്ലായെന്ന് തുടർന്നുള്ള വചനഭാഗം വായിച്ചാൽ മനസ്സിലാക്കാം. ജാതികൾ രക്ഷിക്കപ്പെടുമെന്ന് പോലും വിശ്വസിക്കാൻ മടിച്ച പത്രോസും യഹൂദാവിശ്വാസികളും ആത്മാഭിഷേകം പ്രാപിക്കുമെന്ന് എങ്ങനെ വിശ്വസിക്കും. കൊർന്നല്യോസും കുടുംബവും ആത്മാഭിഷേകം പ്രാപിക്കാൻ പത്രോസും കൂട്ടരും പ്രാർത്ഥിച്ചതേയില്ല. എങ്കിലും ദൈവം പ്രവർത്തിച്ചു. ജാതികളോടു ദൈവത്തിനുള്ള കൃപയുടെ ആഴം പത്രോസിനേയും കൂട്ടരേയും ദൈവം പഠിപ്പിക്കുകയായിരുന്നു.

കൊർന്നല്യോസിന്റെ ഭവനത്തിൽ കൂടിയിരുന്നവർ പരിശുദ്ധാത്മാവിനെ പ്രാപിച്ചു എന്ന് പത്രോസും കൂട്ടുവിശ്വാസികളും എങ്ങനെ മനസ്സിലാക്കി? അവർ അന്യഭാഷകളിൽ സംസാരിക്കുന്നത് പത്രോസും കൂട്ടരും കേട്ടു (അപ്ര 10:46). പെന്തക്കോസ്തു നാളിൽ 120 പേരുടെമേൽവന്ന പരിശുദ്ധാത്മാവിനെ ഈ ജാതികളും പ്രാപിച്ചു എന്നു പത്രോസ് സാക്ഷ്യം പറഞ്ഞു.

## എഫസോസ്
## (Ephesus)

**അഞ്ചാമത്തെ ഉദാഹരണം**

വിശ്വസിച്ചവർ ആത്മസ്നാനം പ്രാപിച്ചു എന്ന് അപ്ര 19ൽ കാണുന്നു. അപ്പോസ്തലനായ പൗലോസ് എഫസോസിലുടെ സഞ്ചരിക്കുമ്പോൾ ചില ശിഷ്യന്മാരെ കിട്ട് അവരോടു ചോദിച്ചു? നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ? (അപ്ര 19:2).

പുതിയനിയമലേഖനകർത്താവായ അപ്പോസ്തലനായ പൗലോസ് പറയുന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കുക എന്നതിലുപരി പരി

ശുദ്ധാത്മാവിനെ പ്രാപിക്കുക എന്നത് മറ്റൊരവസ്ഥതന്നെയാണ്. അല്ലെങ്കിൽ ശിഷ്യന്മാരോടു പൗലോസ് ഇങ്ങനെ ചോദിക്കയില്ലായിരുന്നു.

പരിശുദ്ധാത്മാവിനെക്കുറിച്ച് കേട്ടിട്ടുപോലും ഇല്ല എന്ന് ശിഷ്യന്മാർ മറുപടി പറഞ്ഞു. അവരെ സ്നാനപ്പെടുത്തിയ സ്നാപകയോഹന്നാനിലൂടെ അവർ വരുവാനുള്ള മശിഹായെക്കുറിച്ച് മാത്രമേ കേട്ടിരുന്നുള്ളു. പൗലോസ് അവരെ ജലത്തിൽ സ്നാനപ്പെടുത്തി. അവർ ക്രൈസ്തവസ്നാനത്തിന്റെ അർത്ഥം അനുഭവിച്ചറിഞ്ഞു. ആത്മസ്നാനം പ്രാപിക്കാൻ പൗലോസ് അവരുടെ മേൽ കൈ വച്ചു.

> അവർ പൗലോസ് പറഞ്ഞതുകേട്ടപ്പോൾ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു. പൗലോസ് അവരുടെ മേൽ കൈവച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നു അവർ അന്യഭാഷകളിൽ സംസാരിക്കാനും പ്രവചിക്കാനും തുടങ്ങി. അവർ ഏകദേശം പന്ത്രണ്ട് പേർ ഉായിരുന്നു (അപ്ര 19: 5-7).

പൗലോസിനെ കുമുട്ടിയ ഈ പന്ത്രണ്ട് പേർ വീുംജനനം പ്രാപിച്ചവരായിരുന്നോ ഇല്ലയോ എന്നൊന്നും വ്യക്തമല്ല. രക്ഷിക്കപ്പെട്ടാൽ ആത്മസ്നാനം ആവശ്യമാണ്. ഇതോടുകൂടി അന്യഭാഷ ലഭിക്കുന്നു (ഇവിടെ അന്യഭാഷമാത്രമല്ല പ്രവചനവരം കൂടി ലഭിച്ചതായി കാണുന്നു).

## ഒരു തീർപ്പ്
## (The Verdict)

നമുക്ക് ഈ അഞ്ച് ഉദാഹരണങ്ങളേയും പുനരവലോകനം ചെയ്യാം.

രക്ഷിക്കപ്പെടുന്നതോടെ ലഭിക്കുന്ന ഒരനുഭവമാണ് പരിശുദ്ധാത്മസ്നാനം എന്ന് ഈ നാല് ഉദാഹരണങ്ങളിൽനിന്ന് നമുക്ക് മനസ്സിലാക്കാം. മൂന്ന് ഉദാഹരണങ്ങളിലും വചനം വ്യക്തമായി പറയുന്നു-- ആത്മാവ് ലഭിച്ചവർ അന്യഭാഷകൾ സംസാരിച്ചു. കൂടാതെ അനന്യാസ് പൗലോസിനെ കുമുട്ടുമ്പോൾ അവനുലഭിച്ച പരിശുദ്ധാത്മാവിന്റെ അനുഭവത്തെക്കുറിച്ച് താൻ വിവരിക്കുന്നില്ലെങ്കിലും നമുക്ക് മനസ്സിലാക്കാൻ കഴിയും. അവസാനം അവൻ അന്യഭാഷകളിൽ സംസാരിച്ചു. ഇത് നാലാമത്തെ ഉദാഹരണമായി എടുത്തു കാണിക്കാം.

പരിശുദ്ധാത്മാവിനെ പ്രാപിച്ച ശമര്യക്കാരുടെ കാര്യത്തിൽ അമാനുഷികമായതുസംഭവിച്ചു. ശിമയോൻ ആത്മശക്തിയെ വിലക്കുവാങ്ങാൻ ശ്രമിച്ചു.

തെളിവുകൾ സുവ്യക്തം. പ്രാചിന സഭയിൽ വീും ജനിച്ചവിശ്വാസികൾ പരിശുദ്ധാത്മാവിനെ അവരുടെ രാമത്തെ ഒരനുഭവമായി ഉൾക്കൊള്ളുകയും അന്യാഭാഷയിൽ സംസാരിക്കുകയും ചെയ്തു. ഇതിൽ അതിശയിക്കേ

കാര്യമില്ല. കാരണം കർത്താവ് പറഞ്ഞു.  എന്നിൽ വിശ്വസിക്കുന്നവൻ പുതു ഭാഷകൾ സംസാരിക്കും.

അതുകൊ് രക്ഷിക്കപ്പെട്ട ഏവരും പരിശുദ്ധാത്മാവിന്റെ മറ്റൊരു പ്രവൃത്തിയായ ആത്മസ്നാനം അനുഭവിച്ചറിയുകതന്നെ വേണം. കൂടാതെ ആത്മസ്നാനം പ്രാപിച്ചവർ പുതുഭാഷകൾ (അന്യഭാഷകൾ)ക്കായി കാത്തിരിക്കണം.

## പരിശുദ്ധാത്മാവിൽ സ്നാനപ്പെടുന്നതെങ്ങിനെ?
## (How to Receive the Baptism in the Holy Spirit)

ദൈവത്തിന്റെ ഏതൊരു ദാനത്തെപ്പോലെയും പരിശുദ്ധാത്മാവ് എന്ന ദാനവും വിശ്വാസത്താലാണ് പ്രാപിക്കുന്നത് (ഗലാ 3:5).

രക്ഷിക്കപ്പെട്ടവർ പരിശുദ്ധാത്മസ്നാനം ഏല്കണമെന്ന് ദൈവം ഇച്ഛിക്കുന്നു എന്നും, പരിശുദ്ധാത്മസ്നാനം വിശ്വാസത്താൽ പ്രാപിക്കാം എന്നും ഒരുവൻ വിശ്വാസത്താൽ അറിയണം. സംശയിക്കുന്ന ഒരുവന് അത് ലഭിക്കകയില്ല. (യാക്കോ 1:6–7). പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്നത് ദൈവേച്ഛക്ക് വിരുദ്ധമാണെന്ന് വിശ്വസിക്കുന്നതിൽ യുക്തിയില്ല. കാരണം യേശുതന്നെ ഇക്കാര്യത്തിൽ ദൈവത്തിന്റെ ഇച്ഛയെ വ്യക്തമായിവെളിപ്പെടുത്തിയിട്ട്.

> ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും. ലൂക്കോ 11:13).

ഓരോ ദൈവ പൈതലും പരിശുദ്ധാത്മാവിനെ പ്രാപിക്കണമെന്ന് ദൈവം ഏറെ കാംക്ഷിക്കുന്നു എന്നു ഇതിൽനിന്ന് മനസ്സിലാക്കാം. രക്ഷിക്കപ്പെട്ടതിനുശേഷമാണ് ആത്മസ്നാനം പ്രാപിക്കുന്നത്. ദൈവത്തിന്റെ മക്കൾ (അതായത് ദൈവം പിതാവ് ആയിരിക്കുന്നവർ) ചോദിക്കുമ്പോൾ ലഭിക്കുന്ന ദാനമാണ് പരിശുദ്ധാത്മാവ്. ഒരുവൻ രക്ഷിക്കപ്പെട്ട് വീും ജനിക്കുന്നു.  വീും ജനനം പ്രാപിച്ചവർ പരിശുദ്ധാത്മാവിനെ ലഭിക്കാൻ പിതാവിനോടു അപേക്ഷിക്കണമെന്ന് യേശു അരുളിചെയ്യുന്നു.  പരിശുദ്ധാത്മാവിനെ പ്രാപിപ്പാൻ രു വ്യവസ്തകളേയുള്ളു എന്ന് യേശു പഠിപ്പിക്കുന്നു. – അതിലൊന്ന്, ദൈവം ഒരുവന്റെ പിതാവ് ആയിരിക്കണം, നിങ്ങൾ വീും ജനിച്ചവനെങ്കിൽ തീർച്ചയായും ദൈവം നിങ്ങളുടെ പിതാവാണ്. രാമതായി നിങ്ങൾ പരിശുദ്ധാത്മാവിനെ ലഭിക്കാൻ ദൈവത്തോടുചോദിക്കണം.

ഒരുവന്റെ കൈവപ്പിനാൽ ആത്മാവിനെ പ്രാപിക്കുന്നത് വചനപ്രകാരം ശരിയാണെങ്കിലും (അപ്ര 8:17; 19:6), ഇത് അത്യാവശ്യമല്ല – ഏത് ദൈവപൈതലിനും അവനിരുന്ന് പ്രാർത്ഥിക്കുന്ന സ്ഥലത്ത് വച്ച് തന്നെ പരി

ശുദ്ധാത്മാവിനെ പ്രാപിക്കാം - ചോദിക്കുക, വിശ്വാസത്താൽ പ്രാപിക്കുക, ആത്മാവ് ഉച്ചരിക്കാൻ തരുന്നതുപോലെ സംസാരിക്കുക.

## ഭയാശങ്കകൾ
## (Common Fears)

പരിശുദ്ധാത്മാവിനായി പ്രാർത്ഥിക്കുമ്പോൾ ആത്മശക്തിക്കുപകരം പൈശാചികശക്തിയാൽ പിടിക്കപ്പെടുമോയെന്ന് ചിലർ ഭയപ്പെടുന്നു. ഈ ധാരണക്ക് ഒരടിസ്ഥാനവുമില്ല. യേശുക്രിസ്തു വാഗ്ദത്തം തന്നു.

> അപ്പനോട് മകൻ അപ്പം ചോദിച്ചാൽ അവന് കല്ലുകൊടുക്കുമോ? അല്ല മീൻ ചോദിച്ചാൻ മീനിന് പകരം പാമ്പിനെ കൊടുക്കുമോ? മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും (ലൂക്കോ 11:11-13).

നാം പരിശുദ്ധാത്മാവിനെ ചോദിച്ചാൽ ദൈവം നമുക്ക് പരിശുദ്ധാത്മാവിനെ തരും മറ്റെന്തെങ്കിലും ലഭിക്കും എന്ന ഭയമേ വേ.

അന്യഭാഷ സംസാരിക്കുമ്പോൾ അവർ സംസാരിക്കുന്നത് ആത്മാവ് നൽകിയ ദൈവികഭാഷയല്ലാ, അർത്ഥമില്ലാത്ത ഏതോ ഭാഷയാണെന്ന് ചിലർക്കുതോന്നും. നിങ്ങൾ കരുതുന്ന രീതിയിലുള്ള ഒരു വിശ്വസനീയമായ ഭാഷ നിങ്ങൾക്ക് പരിശുദ്ധാത്മാവ് പ്രാപിക്കുംമുമ്പേ സംസാരിക്കാൻ കഴിയുകയില്ല. നിങ്ങൾ അന്യഭാഷ സംസാരിക്കാൻ തുടങ്ങുമ്പോൾ ബോധപൂർവ്വം നിങ്ങൾ നിങ്ങളുടെ ചുും, നാക്കും സ്വനപേടകവും ഉപയോഗപ്പെടുത്തും. പരിശുദ്ധാത്മാവ് നിങ്ങൾക്കുവേി സംസാരിച്ചുതരുകയില്ലാ നിങ്ങളെ ഉച്ചരിക്കുവാൻ കഴിയുന്ന ഞരക്കത്താൽ നിറയ്ക്കുകയേ ഉള്ളു. അവൻ സഹായകനാണ്. പ്രവർത്തകനല്ല. നിങ്ങൾതന്നെ സംസാരിച്ചേ മതിയാകു. വേദപുസ്തകം പറയുന്നു,

> എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി.

പൗലോസ് അവരുടെമേൽ കൈവെച്ചപ്പോൾ അവർ അന്യഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങി (അപ്ര 19:6).

വിശ്വസിക്കുന്നവർ ആത്മാവിനുവേി ചോദിച്ചശേഷം, വിശ്വാസത്തോടെ അന്യഭാഷസംസാരിക്കാൻ വാഞ്ചിക്കണം. ആത്മാവിനായി വാഞ്ചിക്കുന്നവൻ എന്തെങ്കിലും കായിക പ്രകടനമോ, പ്രത്യേക വൈകാരിക ഭാവങ്ങളോ, പ്രതീക്ഷിക്കരുത്. കാരണം ആത്മാവിനെ പ്രാപിക്കുന്നത് വിശ്വാസത്താലാണ്. പരിശുദ്ധാത്മാവ് നൽകുന്ന വാക്കുകൾ ഉച്ചരിക്കാൻ വായ് തുറന്ന് സംസാരിക്കുകയേ വേു. വിശ്വാസത്താൽ അന്യഭാഷസംസാരിക്കാൻ ആരംഭിക്കുന്നില്ലായെങ്കിൽ, ഞരക്കം വായിൽനിന്നു പുറപ്പെടുകയില്ല.

## ഞരക്കങ്ങളുടെ ഉറവിടം
## (The Source of the Utterness)

പൗലോസ് അപ്പോസ്തലന്റെ ഭാഷയിൽ, ഒരുവൻ അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ, അവൻ ബുദ്ധികൊല്ല, ആത്മാവ് കൊത്രേ പ്രാർത്ഥിക്കുന്നത്.

> 'ഞാൻ' അന്യഭാഷയിൽ പ്രാർത്ഥിക്കുന്നുവെങ്കിൽ എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു, എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു. ആകയാൽ എന്ത്? *ഞാൻ ആത്മാവുകൊും പ്രാർത്ഥിക്കും, ബുദ്ധികൊും പ്രാർത്ഥിക്കും, ആത്മാവ്കൊും പാടും, ബുദ്ധികൊും പാടും* (1 കൊരി 14:14-15).

ആത്മാവിൽ പ്രാർത്ഥിക്കുമ്പോൾ ബുദ്ധി വികലമാകുന്നു എന്ന് പൗലോസ് പറയുന്നു. ആത്മാവിൽ പ്രാർത്ഥിക്കുകമാത്രമല്ല, തന്റെ ബുദ്ധിക്ക് മനസ്സിലാകുന്ന രീതിയിൽ തന്റെ ഭാഷയിലും പ്രാർത്ഥിക്കുന്നു. താൻ ആത്മാവിലും പാടും ബുദ്ധിയിലും പാടും രിനും പ്രാധാന്യമു്. നാമും ബുദ്ധിയുള്ളവരായി പൗലോസിനെപ്പോലെ ബുദ്ധിയിലും, ആത്മാവിലും പാടാനും പ്രാർത്ഥിക്കാനും ശീലിക്കണം.

പൗലോസ് അന്യഭാഷയിൽ സംസാരിക്കുന്നതും സ്വന്തം ഭാഷയിൽ സംസാരിക്കുന്നതും തന്റെ ഇഷ്ടത്തിന്റെ ഒരടിസ്ഥാനത്തിലായിരുന്നു. ''ഞാൻ ആത്മാവിലും'' പ്രാർത്ഥിക്കും, ബുദ്ധിയിലും പ്രാർത്ഥിക്കും. ''അന്യഭാഷാ ഭാഷണം ആത്മാവിന്റെ ദാനമാണെങ്കിൽ, അതിന്റെ മേൽ ഒരു വ്യക്തിക്ക് നിയന്ത്രണം ഏർപ്പെടുത്താൻ സാദ്ധ്യമല്ല കാരണം ദൈവം തരുന്ന ഭാഷ ആയതുകൊ് ദൈവത്തെ നിയന്ത്രിക്കുന്നു എന്ന കുറ്റും ഏൽക്കേിവരും . എന്ന് ചില വിമർശകർ അഭിപ്രായപ്പെടുന്നു. ഇന്നത്തേയായാലും, പത്തെയായാലും, അന്യഭാഷ ഭാഷണം വ്യക്തിയുടെ നിയന്ത്രണത്തിലായിരിക്കുമെന്നത് ദൈവത്തിന്റെ പദ്ധതിയാണ്. വിമർശകർ ഇങ്ങനേയും പറയണം: ദൈവത്താൽ നിർമ്മിക്കപ്പെട്ട കരങ്ങളെ ഉപയോഗിക്കാൻ മനുഷ്യന് അവകാശമില്ല, ഒരു വ്യക്തി തന്റെ ഇഷ്ടാനുസരണം കൈകളെ ഉപയോഗിച്ചാൽ അവൻ ദൈവത്തെ നിയന്ത്രിക്കുവാൻ ശ്രമിക്കുകയാണ്.

പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച ഒരാൾക്ക്, തന്നിൽനിന്ന് പുറപ്പെടുന്ന അന്യഭാഷാ മനസ്സിൽ നിന്നല്ല, അത്മാവിൽനിന്നാണ് എന്നു സ്വയം ബോദ്ധ്യമാകും. ഒന്നാമതായി, ഈ ബുക്ക് വായിച്ചുകൊിരിക്കുമ്പോൾതന്നെ ആരോടെങ്കിലും സംഭാഷണത്തിലേർപ്പെടുക, തീർച്ചയായും ഇതു രും കൂടി ഒരുമിച്ച് ചെയ്യുവാൻ നിങ്ങൾക്ക് കഴിയുകയില്ല. എന്നാൽ അന്യഭാഷയിൽ സംസാരിക്കുകയും ഈ പുസ്തകം വായിക്കുകയും ചെയ്തു നോക്കു നിങ്ങൾക്ക് രും സാധ്യമാകുന്നു. എന്തുകൊ്? കാരണം അന്യഭാഷ സംസാരിക്കാൻ നിങ്ങളുടെ മനസല്ല നിങ്ങൾ ഉപയോഗിക്കുന്നത്, അത് അത്മാവിൽനിന്ന് പുറപ്പെട്ടുവരുന്നതാണ്. ഇതു പോലെതന്നെ ആത്മാവിൽ

പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെ മനസ്സുകൊ് വായിക്കാനും ഗ്രഹിക്കാനും കഴി യും.

## നിങ്ങൾ ഇപ്പോൾ പരിശുദ്ധാത്മാവിനാൽ സ്നാനം ഏല്ക്കപ്പെട്ടിരി ക്കുന്നു
## (Now You are baptised in Holy Spirit)

ദൈവം പരിശുദ്ധാത്മ സ്നാനം നമുക്ക് തന്നിരിക്കുന്നതിന്റെ പ്രാഥ മിക ഉദ്ദേശ്യം അവന്റെ സാക്ഷിയായി ആത്മാവിന്റെ വരങ്ങളേയും ഫലങ്ങ ളേയും പുറപ്പെടുവിക്കാനാണ്. ആ ബോധം നമുക്ക് ഉായിരിക്കണം (നോ ക്കുക - 1 കൊരി. 12:4-11 ഗലാ 5:22-23). ക്രിസ്തുവിനെ മാതൃകയാക്കി ജീവി തത്തിൽ യേശുവിന്റെ സ്നേഹം, സന്തോഷം, സമാധാനം, ഇവ പ്രകടമാക്ക ണം. അപ്പോൾ ശ്രേഷ്ഠമായ ആത്മാവിന്റെ വരങ്ങളെ പ്രകാശിപ്പിച്ചു പല രേയും ദൈവത്തിങ്കലേക്ക് ആകർഷിക്കാൻ ദൈവം നിങ്ങളെ ഉപയോഗിക്കും. അന്യഭാഷ ഭാഷണം ജീവജലത്തിന്റെ നദികളിൽ ഒന്നുമാത്രമാണ്. ഈ ജീവ ജലനദികൾ നിങ്ങളുടെ അന്തരംഗത്തിൽനിന്നും ഉറവപൊട്ടി ഒഴുകിവരുന്നു.

ലോകത്തിന്റെ അറ്റത്തോളം സുവിശേഷം എത്തിച്ച് ആത്മാക്കളെ നേടുവാനാണ് ദൈവം നമുക്ക് പരിശുദ്ധാത്മാവിനെ തന്നത് എന്ന ഓർമ നമുക്ക് ഉായിരിക്കണം. (അപ്ര: 1:8) പലവിധഭാഷകൾ നാം സംസാരിക്കു മ്പോൾ, നാം സംസാരിക്കുന്ന ഭാഷകൾ വിദൂര വിദേശരാജ്യത്തുള്ള ഏതോ വർഗ്ഗക്കാരുടെതാണെന്ന് നാം അറിഞ്ഞിരിക്കേണം. ഓരോ ഭാഷാക്കാരും യേശുവിനെ അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നുവെന്ന് നാം മനസ്സിലാ ക്കിയിരിക്കണം. യേശുവിന്റെ മഹത്തായ ദൗത്യം നിവേറ്റുന്നതിൽ നമു ക്കുള്ള പങ്ക് എന്താണെന്ന് നാം ദൈവത്തോട് ആരായണം.

നമുക്ക് കഴിവുള്ളേടത്തോളം നാം അന്യഭാഷകളിൽ സംസാരിക്ക ണം. ആത്മശക്തിയുടെ സ്രോതസ് ആണ് അന്യഭാഷ എന്ന് പൗലോസ് പറ യുന്നു. നിങ്ങളെല്ലാവരിലും അധികം ഞാൻ അന്യഭാഷകളിൽ സംസാരിക്കു ന്നതുകൊ് ഞാൻ ദൈവത്തെ സ്തുതിക്കുന്നു (അപ്ര 14:18). അധികം അന്യ ഭാഷ സംസാരിക്കുന്ന ഒരു സഭക്ക് എഴുതിയ ലേഖനത്തിലെ ഒരു പരാമർശമാ ണിത് (മിക്കപ്പോഴും തെറ്റായ സമയത്ത് അന്യഭാഷ സംസാരിക്കുന്നവരാണെ ങ്കിലും) പൗലോസ് മറ്റ് ആരെക്കാൾ അധികം അന്യഭാഷസംസരിച്ചിരുന്നു. അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാ വിന്റെ നിയന്ത്രണത്തിൽ നാം ആയിരിക്കുന്നതു കൊ് പൗലോസ് 1 തെസ് 5:17 ൽ പറയുന്നതുപോലെ, ഇടതടവില്ലാതെ പ്രാർത്ഥിക്കുവാൻ കഴിയും.

പലവിധ ഭാഷകൾ സംസാരിക്കുന്നതിലൂടെ വിശ്വാസി ആത്മിക ശക്തി കൈവരിക്കുന്നു എന്ന് പൗലോസ് പഠിപ്പിക്കുന്നു (1 കൊരി 14:4) ആത്മികമായി നാം പണിയപ്പെടുന്നു. നമുക്ക് മനസിലാകുന്നില്ലെങ്കിലും അന്യഭാഷകളിൽ പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ആത്മീക മനുഷ്യൻ (ഗൂഢമന ുഷ്യൻ) ശക്തനാകുന്നു. പരിശുദ്ധാത്മാവ് പ്രാപിച്ചതിന്റെ തെളിവെന്നരീതി

യിൽ ഒരിക്കൽമാത്രം ആത്മീക ജീവിതത്തിന് ശക്തിയും ചൈതന്യവും പകരാൻ നിരന്തരം പറയേതാണ് അന്യഭാഷ. പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച് ദിനംതോറും പുതുഭാഷയിൽ പ്രാർത്ഥിക്കാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. നിങ്ങളുടെ ആത്മികജീവിതത്തേയും വളർച്ചയേയും ഇത് പരിപോഷിപ്പിക്കും.

## ചില ചോദ്യങ്ങൾക്കുള്ള മറുപടികൾ
## (Answers to a Few Common Questions)

അന്യഭാഷസംസാരിക്കാത്തവൻ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചിട്ടില്ലയെന്ന് പറയാൻ പറ്റുമോ? വ്യക്തിപരമായി, എനിക്കങ്ങന തോന്നുന്നില്ല.

ജനങ്ങൾക്ക് പരിശുദ്ധാത്മാഭിഷേകത്തിനുവേി പ്രാർത്ഥിക്കുമ്പോൾ ഞാൻ അവരോടു അന്യഭാഷക്കായി വാഞ്ചിക്കുവാൻ പ്രോത്സാഹിപ്പിക്കാറു്. അതിൽ തൊണ്ണൂറ്റഞ്ച് ശതമാനം പേർക്കും നിമിഷങ്ങൾക്കുള്ളിൽ അത് ലഭിക്കാറു്. ഇത്രയും വർഷത്തെകണക്കുനോക്കിയാൽ ആയിരക്കണക്കിന് ആളുകൾ അത് പ്രാപിച്ചതായി എനിക്കറിയാം.

ഉച്ചാരണം മനസിൽനിന്നല്ല ആത്മാവിൽനിന്നാണ് വരുന്നത് എന്ന് ആത്മാഭിഷേകം പ്രാപിച്ച ഏതൊരാൾക്കും മനസിലാകും. പ്രാർത്ഥിക്കുന്നവൻ ആത്മാഭിഷേകം പ്രാപിക്കണമെന്നും അന്യഭാഷ ലഭിക്കാത്തവൻ ആത്മാഭിഷേകം പ്രാപിക്കാത്തവനാണെന്നും ഞാൻ ഒരിക്കലും പറയുകയില്ല കാരണം ആത്മാഭിഷേകം വിശ്വാസത്താൻ പ്രാപിക്കുന്നതും അന്യഭാഷാ ഉച്ചാരണം സ്വമേധയാ കൈവരിക്കുന്നതുമാണ്. ആത്മാഭിഷേകത്തിനുവേി പ്രാർത്ഥിച്ചുകൊിരിക്കുന്ന, അന്യഭാഷ ലഭിച്ചിട്ടില്ലാത്ത ഒരു വിശ്വാസിയോടു സംസാരിക്കാൻ ഒരവസരം കിട്ടിയാൽ ഞാൻ തീർച്ചയായും അപ്പോസ്തലപ്രവൃത്തികളിൽ ഇതിനെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്ന എല്ലാ വാക്യങ്ങളും കാട്ടിക്കൊടുക്കുകയായി-രിക്കും ആദ്യം ചെയ്യുന്നത്. അന്യഭാഷയിൽ സംസാരിച്ചപ്പോഴും അല്ലാത്തപ്പോഴും പൗലോസ് എഴുതിയത് ആ വിശ്വാസിക്ക് കാണിച്ചുകൊടുക്കുകയായിരിക്കും പിന്നീട് ചെയ്യുന്നത്. പൗലോസിനെ പോലെ ഏതുസമയത്തും, ആഗ്രഹിക്കുമ്പോൾ അന്യഭാഷ പറയാനും അല്ലാത്തപ്പോൾ അന്യഭാഷ പറയാതിരിക്കാനും എനിക്ക് കഴിയും. അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ ഞാൻ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചെങ്കിലും ആത്മാവിന്റെ ഞരക്കത്തോടു ആദ്യം ചേർന്നുപ്രവർത്തിക്കാതിരിക്കുന്നതായി സങ്കല്പിക്കാം.

പരിശുദ്ധാത്മാഭിഷേകത്തിന് വേി വിശ്വാസത്തോടു പ്രാർത്ഥിച്ചിട്ടും അന്യഭാഷ ഒരിക്കലും ലഭിച്ചിട്ടില്ലാത്ത ഒരു വിശ്വാസിയോടു സംസാരിക്കാൻ അവസരം കിട്ടിയാൽ, അയാൾ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചിട്ടില്ലായെന്നു ഞാൻ ഒരിക്കലും പറയില്ല (ഞാൻ വിശ്വസിക്കുന്നില്ല). പരിശുദ്ധാത്മാവ് നമ്മളിൽനിന്ന് അകന്ന് ചെയ്യുന്ന ഒരു കാര്യമല്ലായിതെന്ന് ഞാൻ പറയും.

ആത്മാവ് ഞരക്കങ്ങൾ തരും സംസാരിക്കുന്നത് നമ്മളാണ്. നാം നമ്മുടെ ഭാഷ സംസാരിക്കുന്നതുപോലെ പരിശുദ്ധാത്മാവ് ആ വ്യക്തിയുമായി ചേർന്ന് അന്യഭാഷയിൽ സംസാരിക്കാൻ പ്രേരിപ്പിക്കും. എല്ലാവരും അങ്ങനെ ചെയ്യുകയും തത്ഫലമായി എല്ലാവരും അന്യഭാഷസംസാരി ക്കുകയും ചെയ്യും.

## എല്ലാവരും പുതുഭാഷ സംസാരിക്കുന്നില്ലല്ലോ എന്ന് പൗലോസ് എഴുതിയില്ലേ?
## (Didn't Paul write that not all speak with Tongues?)

''എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നുവോ?'' പൗലോസ് ആലങ്കാരിക ഭാഷയിൽ ചോദിക്കുന്നു (1 കൊരി 12:30) ഇല്ല - ഇതാണ് മറുപടി - ഇത് പുതിയ നിയമത്തിന്റെ മറ്റുഭാഗങ്ങളുമായി താരതമ്യപ്പെടു ത്താം. ആത്മാവ് ഇച്ഛിക്കുന്ന വിധത്തിൽ വെളിപ്പെടുന്ന ആത്മാവിന്റെ ഫല ങ്ങളെ വിവരിക്കുന്ന സന്ദർഭവുമായി ബന്ധപ്പെട്ടാണ് ഈ ചോദ്യം പൗലോസ് ഉന്നയിച്ചിരിക്കുന്നത് (1 കൊരി 12:11). പലവിധ ഭാഷകൾ ഒരു ആത്മീക വരമാ ണ്. ഇതിനെ ഭാഷയുടെ വ്യാഖ്യാനമെന്ന ആത്മികവരവുമായി ബന്ധപ്പെടു ത്തിയാണ് പൗലോസ് സംസാരിക്കുന്നത് (1കൊരി 12:10). ഈ വരം കൊരി ന്ത്യസഭയിലെ വിശ്വാസികൾ എപ്പോഴും അവരുടെ സഭയിൽ പറഞ്ഞിരുന്ന അന്യഭാഷയാകാൻ സാധ്യതയില്ല കാരണം അവരുടെ അന്യഭാഷകൾ ഉച്ച ത്തിൽ പരസ്യമായി ആരാലും വ്യാഖ്യാനിക്കപ്പെട്ടിരുന്നില്ല. പരിശുദ്ധാത്മാവ് അന്യഭാഷ എന്ന വരം ഒരാൾക്ക് പൊതുവിൽ നൽകുമ്പോൾ മറ്റൊരാൾക്ക് അത് വ്യാഖ്യാനിക്കാനുള്ള വരം എന്തു കൊാണ് നൽകാത്തത്? ഇതിനുള്ള ഉത്തരം ദൈവം ഇഷ്ടപ്പെടുന്നില്ല, അല്ലെങ്കിൽ ദൈവത്തിന് ഇഷ്ടമല്ലാത്ത പ്രവൃത്തി പരിശുദ്ധാത്മാവ് ചെയ്യുവാൻ ആഗ്രഹിക്കുന്നില്ല--കൊരിന്ത് സഭാജനങ്ങൾ ശുശ്രൂഷവേളയിൽ ഉച്ചത്തിൽ അന്യഭാഷയിൽ പ്രാർത്ഥിക്കയും എന്നാൽ ആരാലും വ്യാഖ്യനിക്കപ്പെടാതെയും ഇരുന്നു. അന്യഭാഷയിൽ സംസാരിക്കുന്നതിന് രുവ്യത്യസ്ത ഉദ്ദേശ്യങ്ങൾ ഉ്. ഒന്ന് അന്യഭാഷയിലുള്ള പ്രാർത്ഥന, പൗലോസ് പറഞ്ഞതുപോലെ അത് വ്യക്തിപരമാണ്. ആ അന്യ ഭാഷ ഉച്ചാരണത്തിന് വ്യാഖ്യാനം ആവശ്യമില്ല. പൗലോസ് എഴുതിയതു പോലെ ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എങ്കിൽ എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു; എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു. (1കൊരി 14:14). പൗലോസ് അന്യഭാഷയിൽ സംസാരിക്കുമ്പോൾ താൻ പറഞ്ഞത് എ ന്താണെന്ന് അവൻ അറിഞ്ഞിരുന്നില്ല. താൻ പറഞ്ഞ അന്യഭാഷ തനിക്കു മനസ്സിലാകുകയോ വ്യാഖ്യാനിക്കപ്പെടുകയോ ചെയ്തതായി തനിക്കറിയില്ല.

സഭാ സമ്മേളന വേളകളിൽ അന്യഭാഷ ആരാധനയുടെ ഭാഗമാക്കാ റ്. എന്നാൽ തുടർന്ന് അതിന് വ്യാഖ്യാനവും ഉാകാറ്. ഇത് സംഭവിക്കുന്നത് പരിശുദ്ധാത്മാവ് തന്റെ ഇച്ഛാനുസരണം ഒരു വ്യക്തിയിൽ ആഗ്രഹിക്കുന്ന പ്രകാരം പ്രവർത്തിക്കുമ്പോഴാണ്. അപ്പോൾ ആ വ്യക്തി ഉച്ചത്തിൽ അന്യഭാ ഷയെ വ്യാഖ്യാനിക്കുന്നു. എന്നാൽ എല്ലാവരേയും ദൈവം ആ രീതിയിൽ

ഉപയോഗിക്കണമെന്നില്ല. എല്ലാവർക്കും ദൈവം അന്യഭാഷയോ ഭാഷാവ്യാഖ്യാനവരമോ നൽകാറില്ല എന്ന് പൗലോസ് പറയുന്നത് അതുകൊാണ്. ഈ വിധത്തിൽ മാത്രമേ പൗലോസിന്റെ പ്രസ്താവനയെ പരിഗണിക്കാൻ പറ്റുകയുള്ളു. "എല്ലാവരും അന്യഭാഷകളിൽസംസാരിക്കുന്നുവോ?"

പൗലോസിനെപ്പോലെ എപ്പോൾ വേണമെങ്കിലും എനിക്ക് അന്യഭാഷ സംസാരിക്കാം. എന്നാൽ എപ്പോഴൊക്കെ അന്യഭാഷ സംസാരിക്കുന്നുവോ, അപ്പോഴെല്ലാം ആത്മാവിന്റെ ഇച്ഛക്കനുസരമണായി മാത്രമാണ് സംസാരിക്കുന്നതെന്ന് ഞാനോ, പൗലോസോ പറയുകയില്ല. അത് നമ്മൾ ഇച്ഛിക്കും പ്രകാരമാണ്. നമ്മുടെ ഇച്ഛാനുസരണം നാം ചെയ്യുന്നത് അന്യഭാഷ എന്ന വരമല്ല. ആത്മാവിന്റെ ഇച്ഛക്കനുസരിച്ചാണ് അന്യഭാഷാ ഭാഷണം സംഭവിക്കുന്നത്. എന്നെപ്പോലെ പൗലോസും പറയുന്നതെന്തെന്ന് മനസ്സിലാക്കാതെ അന്യഭാഷ സംസാരിക്കുന്നു. എന്നാൽ അത് 1 കൊരിന്ത്യർ ലേഖനത്തിൽ പറയുന്നപോലെ അന്യഭാഷയാകണമെന്നില്ല, കാരണം അന്യഭാഷ വ്യാഖ്യാനവരത്തോടു ചേർന്നു പ്രവർത്തിക്കുന്നതാണ്.

ഞാൻ വളരെ വിരളമായിട്ടെ പൊതുവേദികളിൽ അന്യഭാഷ പറയാറുള്ളു. പരിശുദ്ധാത്മാവിന്റെ സ്പർശനം ഏൽക്കുമ്പോൾ മാത്രമേ ഞാൻ അങ്ങനെ ചെയ്യാറുള്ളു. ദൈവാലയത്തിൽ പലപ്പോഴും വ്യാഖ്യാനം ഇല്ലാതെ തന്നെ ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കാറ് എന്നിൽ പരിശുദ്ധാത്മാവിന്റെ ചലനം വരുമ്പോൾ അതു ഞാൻ ശരീരത്തിൽ അനുഭവിച്ചറിയുന്നു.

ചുരുക്കത്തിൽ തിരുവചനത്തെ സംഗീതാത്മകമായ രൂപത്തിൽ നാം വ്യാഖ്യാനിക്കണം. പൗലോസ് 1 കൊരി. 12:30 ൽ പറയുന്നു എല്ലാവരും വീര്യപ്രവർത്തികൾ ചെയ്യുന്നവരോ? എല്ലാവർക്കും രോഗശാന്തി വരം ഉോ? എല്ലവരും അന്യഭാഷകളിൽ സംസാരിക്കുന്നുവോ? അന്യഭാഷാവരം ഉപയോഗിക്കാത്തവർ മറ്റ് പല വരങ്ങളെ അവഗണിക്കുകയാണ് ചെയ്യുന്നത്. ഈ തെറ്റു ചെയ്യുന്നതിലൂടെ ദൈവത്തിന്റെ മഹത്തായ പല അനുഗ്രഹങ്ങളേയും അവർ നഷ്ടപ്പെടുത്തുകയാണ്.